(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയാണെന്നും പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത് ആരാണെന്നും അറിയിക്കുമോ;

(സി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ കാസർഗോഡ് മുൻസിപ്പാലിറ്റിയിലെ അമെയ് കോളനിയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

(ബി) അമെയ് കോളനിയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഒരു കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഒന്നാം ഗഡുവായി 25 ലക്ഷം രൂപ ഏജൻസിക്ക് നൽകിയിട്ടുണ്ട്. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് ആണ് കരാർ ഏറ്റെടുത്തിരിക്കുന്നത്.

(സി) ഇല്ല. ഏറ്റെടുത്ത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

319 (1008) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെയും ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെയും ഏകോപനക്കുറവ് കാരണം പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിച്ച് ആവശ്യമായ ഉത്തരവ് ബന്ധപ്പെട്ട വകുപ്പിന് നൽകുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly